**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം പൊന്നാനി നഗരസഭ പൊന്നാനി നഗരം വില്ലേജിൽ സർവ്വേ നമ്പർ 1774- എ യിലുൾപ്പെട്ട സ്ഥലത്ത് നിലവിലുള്ള കെട്ടിടത്തിനോട് കൂട്ടിച്ചേർക്കൽ നടത്തുന്നതിനായി 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3(4) ബി പ്രകാരം ചട്ടം 28(1) ന് ഇളവനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർബി) വകുപ്പ്**

**സ.ഉ.(സാധാ) നം1070/2021/തസ്വഭവ തിരുവനന്തപുരം, തീയതി 02/06/2021**

---

പരാമർശം:- 1) മലപ്പുറം ടൗൺ പ്ലാനറുടെ 02.12.2020 ലെ TCPMPM/1107/2020-A3 നമ്പർ കത്ത്.

2) ചീഫ് ടൗൺ പ്ലാനറുടെ 19.01.2021 ലെ TCPCTP/2261/2020-C2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം പൊന്നാനി നഗരസഭ പൊന്നാനി നഗരം വില്ലേജിൽ സർവ്വേ നമ്പർ 1774 – എ യിലുൾപ്പെട്ട 2874 ച.മീ. സ്ഥലത്ത് നിലവിലുള്ള 289.78 ച.മീ. വിസ്തീർണ്ണമുള്ള എ.എം.എൽ.പി. സ്കൂളിനോട് കൂടി തറനിലയിലും ഒന്നാം നിലയിലുമായി 209.42 ച.മീ. വിസ്തീർണ്ണത്തിൽ കൂട്ടി ചേർക്കൽ നടത്തുന്നതിനായി ചട്ട പ്രകാരമുള്ള വഴി ലഭ്യമല്ലാത്തതിനാൽ കെ.എം.ബി.ആർ 2019 ചട്ടം 3(4) ബി പ്രകാരം സർക്കാരിൽ നിന്നും ഇളവ് ലഭിക്കുന്നതിനായി നഗരസഭാ സെക്രട്ടറി മുഖാന്തിരം സ്കൂൾ മാനേജർ അപേക്ഷ സമർപ്പിച്ചിരുന്നു.

2) പൊന്നാനി ബസ് സ്റ്റാന്റ് കൊല്ലൻപടി റൂട്ടിൽ പള്ളപ്പുറം ബസ് സ്റ്റോപ്പിൽ നിന്ന് വടക്കോട്ടുള്ള റോഡിലേക്ക് 85 മീറ്റർ മാറിയാണ് പ്രസ്തുത സ്കൂൾ കെട്ടിടം സ്ഥിതി ചെയ്യുന്നത് മെയിൻ റോഡിൽ നിന്ന് പ്ലോട്ടിലേയ്ക്കുള്ള റോഡിന് 2.50 മീ. മുതൽ 2.70 മീ വരെയാണ് വീതിയുള്ളത്. പരാമർശ സ്ഥലം CRZ മേഖലയിൽ ഉൾപ്പെടുന്നില്ലെന്നും ടി നിർമ്മാണം കെ.എം.ബി.ആർ 2019 ലെ പ്രധാനപ്പെട്ട ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്നും പരാമർശം (1) പ്രകാരം ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ പൊന്നാനി നഗരസഭയുടെ അംഗീകൃത മാസ്റ്റർ പ്ലാനിൽ ടി സ്ഥലം പബ്ലിക് ആന്റ് സെമി പബ്ലിക് സോണിലാണ് ഉൾപ്പെടുന്നത്. ടി സ്ഥലത്ത് അംഗീകൃത ഡി.റ്റി.പി. സ്കീമുകളൊന്നും നിലവിലില്ല. കൂടാതെ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള റോഡ് വൈഡനിംഗ് പരാമർശ നിർമ്മാണത്തെ

ബാധിക്കുന്നില്ല.

3) 1930 മുതൽ പ്രവർത്തിച്ച വരുന്ന ടി സ്കൂളിലെ കാലപ്പഴക്കം ചെന്ന പഴയ കെട്ടിടങ്ങൾ പൊളിച്ച് പകരം നിലവിലുള്ള കോൺക്രീറ്റ് കെട്ടിടത്തോട് കൂട്ടി ചേർത്ത് സൗകര്യപ്പെടുത്തുകയാണ് ചെയ്യുന്നത്. PWD റോഡിൽ നിന്നും വളരെ അകലത്തിലല്ലാതെ സ്ഥിതി ചെയ്യുന്നതിനാൽ അക്സസ് വിഡ്ത്ത് 2.5മീറ്റർ ആണെങ്കിലും ഗതാഗതക്കുരുക്ക് വരാൻ സാദ്ധ്യതയില്ലാത്തതിനാലും 500 ൽ താഴെ എണ്ണം കുട്ടികൾ പഠിക്കുന്ന സ്കൂൾ ആയതിനാലും നിബന്ധനകൾക്ക് വിധേയമായി ഇളവിനായി ജില്ലാ ടൗൺ പ്ലാനർ പരാമർശം (1) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

4) നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിട ഭാഗങ്ങൾ കെഎംബിആർ 2019 ലെ പ്രധാനപ്പെട്ട ചട്ടങ്ങൾ പാലിക്കുന്നതിനാൽ ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത നിർമ്മാണത്തിന് കെഎംബിആർ 2019 ചട്ടം 3(4)ബി പ്രകാരം 28(1) ന്റെ ഇളവിനായി ചീഫ് ടൗൺ പ്ലാനർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

1) നിർമ്മാണം കെഎംബിആർ 2019 ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും അനുസൃതമായിരിക്കണം (സർക്കാരിൽ നിന്നും ഇളവ് ലഭിക്കുന്നവ ഒഴിച്ച്)

2)കെഎംബിആർ 2019 ലെ ചട്ടം (2) പ്രകാരം സ്ഥലത്തിന്റെ അതിരുകളും അളവുകളും പ്രമാണങ്ങളും ആധികാരികതയും ഉടമസ്ഥാവകാശവും പ്രസ്തുത ഭൂമി പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടതല്ലെന്നും നഗരസഭാ സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

3) കെഎംബിആർ 2019 ലെ ചട്ടം 42 പ്രകാരം ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള റാമ്പ്, ടോയിലറ്റ് എന്നിവ ചട്ട പ്രകാരമുള്ള അളവിലായിരിക്കുമെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

4) കെഎംബിആർ ചട്ടം 5(4) പ്രൊവിസോ.1 പ്രകാരം ബന്ധപ്പെട്ട മറ്റ് വകുപ്പുകളിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്.

5) നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്ലാനിൽ രേഖപ്പെടുത്തിയ വിധം ശുചിത്വ സൗകര്യങ്ങൾ നൽകിയിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശ നിർമ്മാണം 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ പ്രധാന ചട്ടങ്ങളെല്ലാം പാലിക്കുന്നുണ്ട്. PWD റോഡിൽ നിന്നും വളരെ അകലത്തിലല്ലാതെ സ്ഥിതി ചെയ്യുന്നതിനാൽ ഗതാഗതക്കുരുക്കിന് സാദ്ധ്യതയില്ലാത്തതാണ്. മേൽ സാഹചര്യത്തിൽ മലപ്പുറം പൊന്നാനി നഗരസഭ പൊന്നാനി നഗരം വില്ലേജിൽ സർവ്വേ നമ്പർ 1774-എയിലുൾപ്പെട്ട സ്ഥലത്ത് നിലവിലുള്ള 289.78 ചമീ വിസ്തീർണമുള്ള എ.എം.എൽ.പി സ്കൂളിനോട് കൂടി തറനിലയിലും ഒന്നാം നിലയിലുമായി 209.42 ചമീ വിസ്തീർണത്തിൽ കൂട്ടി ചേർക്കൽ നടത്തുന്നതിനായി, മേൽ നിബന്ധനകൾക്ക് വിധേയമായി 2019

ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3(4)ബി പ്രകാരം ചട്ടം 28(1) ന് ഇളവനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സജ്ഞകുമാർ എൻ
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

ശ്രീമതി. പത്മിനി, മാനേജർ, എ.എം.എൽ.പി എസ്, പള്ളപ്പുറം, മലപ്പുറം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ടൗൺ പ്ലാനർ, മലപ്പുറം
സെക്രട്ടറി , പൊന്നാനി നഗരസഭ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ